"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-പാലക്കാട് മണ്ണാർക്കാട് കൊട്ടേപ്പാടം എ.എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സുഹിത ഇ. ഫയൽ ചെയ്ത റിട്ട് ഹർജി നം.7958/2022-ന്മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 24/05/2022 തീയതി വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7540/2022/GEDN തീയതി,തിരുവനന്തപുരം, 01-12-2022

പരാമർശം:-

1. പാലക്കാട് മണ്ണാർക്കാട് കൊട്ടേപ്പാടം എ.എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സുഹിത ഇ.യുടെ 15/02/2022 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext. P10).
2. ബഹു. കേരള ഹൈക്കോടതിയുടെ 24/05/2022-ലെ W.P.(C) No. 7958/2022-ന്മേലുള്ള വിധിന്യായം.
3. W.P.(C) No. 7958/2022-ൽ ശ്രീമതി. സുഹിത ഇ. ഫയൽ ചെയ്ത IA No. 01/2022 ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 15/06/2022 തീയതിയിലെ വിധിന്യായം.

**ഉത്തരവ്**

പാലക്കാട് മണ്ണാർക്കാട് കൊട്ടേപ്പാടം എ.എൽ.പി.സ്കൂളിലിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.സുഹിത ഇ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 7958/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച Ext. P10 പുന:പരിശോധനാ ഹർജി(പരാമർശം 1), ടി സ്കൂൾ മാനേജർ 12/1/2010-ലെ സ.ഉ (അച്ചടി) നം. 10/2010/പൊവിവ-ലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണ്ട് സമർപ്പിച്ചിട്ടുണ്ടെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി തീർപ്പാക്കാൻ രണ്ടാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും തുടർന്ന് ടി Ext. P10 പുന:പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരി സർക്കാരിലാണ് സമർപ്പിച്ചതെന്നതിനാൽ പരാമർശം (2) വിധിന്യായത്തിലെ ടി ഉത്തരവ് തിരുത്തുകയും, ടി പുന:പരിശോധനാ ഹർജി ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറി പരിശോധിച്ച് തീർപ്പാക്കാൻ പരാമർശം (3) വിധിന്യായം പ്രകാരം പരാമർശം (2) വിധിന്യായത്തിൽ തിരുത്തൽ വരുത്തി ഉത്തരവാകുകയും ചെയ്തു.

2. ആയത് പ്രകാരം ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1( Ext. P10)

പുന:പരിശോധനാ ഹർജി പരിശോധിച്ചതിൽ, പാലക്കാട് മണ്ണാർക്കാട് കൊട്ടേപ്പാടം എ.എൽ.പി.സ്കൂളിലെ അധിക ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ 28/07/2008-ൽ നിയമിതയായ ഹർജിക്കാരിയുടെ നിയമനം, അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ മാത്രമാണ് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത് എന്നതിനാൽ ടിയാളുടെ 28/07/2008 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ച് സേവന ആനുകൂല്യങ്ങൾ അനുവദിക്കണമെന്നതാണ് ആവശ്യം.

3. അധിക തസ്തികകളിൽ നിയമന നിരോധനം നിലവിലുണ്ടായിരുന്ന കാലയളവിലാണ് ഹർജിക്കാരിയെ 28/07/2008 മുതൽ പാലക്കാട് മണ്ണാർക്കാട് കൊട്ടേപ്പാടം എ.എൽ.പി.സ്കൂളിലെ അധിക ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ മാനേജർ നിയമിച്ചത്. ടി നിരോധന കാലയളവുകളിൽ നടത്തിയ നിയമനങ്ങൾ എപ്രകാരം ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ച് സ.ഉ (അച്ചടി) നം. 10/2010/പൊവിവ തീയതി 12/1/2010 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ, മാനേജർമാർ നിയമന നിരോധനം നിലവിലുണ്ടായിരുന്ന കാലയളവിൽ അധിക തസ്തികകളിൽ നിയമിച്ച തത്തുല്യം എണ്ണം സംരക്ഷിതാദ്ധ്യാപകരെ, തുടർന്ന് വരുന്ന ഒഴിവുകളിൽ നിയമിക്കുമെന്നും ആയതിന് ശേഷം തുടർന്നുള്ള അധിക തസ്തികകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകനും പുതതായി നിയമിക്കുന്ന അദ്ധ്യാപകനും 1:1 അനുപാതത്തിൽ നിമയനം നൽകുമെന്നും വ്യവസ്ഥ ചെയ്യുന്ന ബോണ്ട് സമർപ്പിയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിനെതിരെ ഫയൽ ചെയ്യപ്പെട്ട ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ഫയൽ ചെയ്തിട്ടുള്ള അപ്പീലുകൾ നിലവിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ടി കാരണത്താൽ നിയമനാംഗീകാരം കിട്ടാത്ത അദ്ധ്യാപകർ വീണ്ടും ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും, ആയത് പരിഗണിച്ച് സ്കൂൾ മാനേജർ സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/1/2010 ലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണ്ട് സമർപ്പിച്ചിട്ടുണ്ടെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി ടി അദ്ധ്യാപകരുടെ നിയമനാംഗീകാര അപേക്ഷകൾ തീർപ്പാക്കാൻ നിരവധി വിധിന്യായങ്ങളിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ അപ്രകാരം ടി നിയമനാംഗീകാര അപേക്ഷകൾ തീർപ്പാക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സമാന വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ഹർജിക്കാരിയുടെ പരാമർശം (1)(Ext. P10) പുന:പരിശോധനാ ഹർജിയും പരിശോധിച്ചതിൽ, പാലക്കാട് മണ്ണാർക്കാട് കൊട്ടേപ്പാടം എ.എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സുഹിത ഇ.യുടെ 28/07/2008 മുതൽ 31/05/2011 വരെയുള്ള അധിക തസ്തികയിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം, ടി കാലയളവിൽ ടിയാൾക്ക് ടി സ്കൂളിൽ നിലനിൽക്കാനാവശ്യമായ തസ്തികയും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാണെങ്കിലും മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിലും, സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/1/2010 പ്രകാരം സ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുണ്ടെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി, അംഗീകരിച്ച് നൽകാൻ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരി സർക്കാരിൽ

ഫയൽ ചെയ്ത പരാമർശം (1) പുന:പരിശോധനാ ഹർജി(Ext. P10) തീർപ്പാക്കി, അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (2) കോടതിവിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
മാനേജർ, എ.എൽ.പി.സ്കൂൾ, കൊട്ടേപ്പാടം, മണ്ണാർക്കാട്, പാലക്കാട്
പ്രഥമാദ്ധ്യാപകൻ, എ.എൽ.പി.സ്കൂൾ, കൊട്ടേപ്പാടം,
മണ്ണാർക്കാട്, പാലക്കാട്.
ശ്രീമതി. സുഹിത ഇ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.എൽ.പി.സ്കൂൾ, കൊട്ടേപ്പാടം, മണ്ണാർക്കാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 02-12-2022 16:49:14**
സെക്ഷൻ ഓഫീസർ